ആരോഗ്യ വകുപ്പിനുവേണ്ടി വാങ്ങിയ വാഹനങ്ങൾ

16 (4072) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിനുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതു തരം വാഹനങ്ങളാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത വകുപ്പിനുകീഴിലുള്ള ഏതെല്ലാം ഓഫീസുകളിലും ആശുപത്രി കളിലുമാണ് അത് നൽകിയതെന്നും വ്യക്തമാക്കുമോ ;

(ഡി) വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ എത്ര തുക വിനിയോഗിച്ചു ; ഇതിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര രൂപ ലഭിച്ചുവെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിനു വേണ്ടി 42 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) 26-3-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം 25 മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകളും 29-1-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന 17 വാഹനങ്ങളും വാങ്ങുകയുണ്ടായി.

1. ടൊയോട്ട കിർലോസ്കർ ഇന്നോവ 2.5 ജി-2 എണ്ണം.
2. മഹീന്ദ്ര & മഹീന്ദ്ര ബൊലേറോ -11 എണ്ണം.
3. ടാറ്റാ എൽ.പി. 1512/42 ബി.എസ്. 3 സ്റ്റാന്റേർഡ് ബസ് -4 എണ്ണം.

(സി) പ്രസ്തുത വാഹനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസ് തുടങ്ങിയ വിവിധ ആഫീസുകളിലേക്കാണ് അനുവദിച്ച് നൽകിയത്.

(ഡി) 25 സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങിയ ഇനത്തിൽ 1,47,16,025 രൂപയും 17 വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ 1,50,75,651 രൂപയും (ആകെ 2,97,91,676 രൂപ) വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത തുക 100% സി.എസ്.എസ്. മുഖേന ലഭിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly